# അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം

**എൽഎസ്ജിഡി. (L.I.D. & E.W.) സെക്ഷൻ, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

**ശാസ്താംകോട്ട പി.ഒ. - 690521, Email. aelsgd.skta2015@gmail.com**

No : AE/LID&EW/SKTA/2026-2027 — തീയതി 03/06/2026

## ഹ്രസ്വകാല ക്വട്ടേഷൻ പരസ്യം

ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേയ്ക്ക് ഒരു വർഷ കാലയളവിലേക്ക് എ.സി. കാർ പ്രതിമാസ വാടകയ്ക്ക് നല്കുവാൻ താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സരാധിഷ്ഠിത മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | : | അസിസ്റ്റന്റ് എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി. (L.I.D. & E.W.) സെക്ഷൻ<br>ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | : | 12/06/2026 പകൽ 2 മണി വരെ |
| ക്വട്ടേഷൻ തുറക്കുന്ന സമയം | : | 12/06/2026 പകൽ 3 മണി |

### വ്യവസ്ഥകൾ

1. ഒരു മാസം 2000 കി.മീ ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധിക നിരക്ക് കണക്കാക്കുന്നത് 03 മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്ക് ആയി തിരിച്ച് 6000 കി.മീ. അധികരിക്കുമ്പോഴായിരിക്കും. ആയതിന് 6000 കി.മീ. ദൂരം അധികരിച്ചുള്ള ഓരോ കി.മീ. ഉള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.
2. താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200/- രൂപയുടെ മുദ്ര പത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 07 ദിവസത്തിനുള്ളിൽ അന്തിമ കരാർ വെയ്ക്കേണ്ടതാണ്.
3. ഇന്ധന ചെലവ് വാഹനത്തിന്റെ അറ്റകുറ്റപണികൾ ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.
4. വാഹനത്തിന്റെ ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.
5. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 07 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
6. വാഹനം മികച്ച പ്രവർത്തന ക്ഷമതയുള്ളതും 2017 ന് ശേഷമുള്ളതും ആയിരിക്കണം

7. കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN ഉണ്ടായിരിക്കേണ്ടതാണ്.

8. ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 05% സെക്യൂരിറ്റി ഡിപ്പോസിറ്റായി ഹാജരാക്കേണ്ടതും കരാർ ലഭിക്കുന്ന തുകയുടെ 01% TDS ഇനത്തിൽ എല്ലാ മാസവും ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്.

9. വാഹനം ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്

10. അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഏതു ദിവസവും ഏത് സമയത്തും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

11. കരാർ സമയത്തെ അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.

12. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

13. ഓഫീസിൽ നിന്നും പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരം ആയിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.

14. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃക ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്

15. ക്വട്ടേഷനുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്.

Office of the Assistant Engineer • Sasthamcotta Grama Panchayat • Sasthamcotta P.O. Kollam • L.I.D. & E.W. Section

ASSISTANT ENGINEER
L.I.D. & E.W. SECTION
Sasthamcotta Grama Panchayat

# ഹ്രസ്വകാല ക്വട്ടേഷൻ നോട്ടീസ്

**എൽ.എസ്.ജി.ഡി. (L.I.D. & E.W.) സെക്ഷൻ, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്**

| | |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് | |
| മേൽവിലാസം | |
| ഫോൺ നമ്പർ | |
| വാഹനത്തിന്റെ തരം | |
| വാഹനത്തിന്റെ മോഡൽ | |
| വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | |
| വാഹനത്തിന്റെ രജിസ്ട്രേഷൻ തീയതി | |
| ഒരു മാസം 2000 കി.മീ. വരെ യാത്ര ചെയ്യുന്നതിന് ക്വാട്ട് ചെയ്യുന്ന തുക | |
| 03 മാസത്തിൽ ആകെ 6000 കി.മീ അധികരിച്ച ദൂരത്തിൽ ക്വാട്ട് ചെയ്യുന്ന തുക (കി.മീ.) | |

സ്ഥലം

തീയതി

ഒപ്പ്

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര്

മേൽവിലാസം